പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 223 **28-10-2026-ൽ മറുപടിയ്ക്ക്**

കാട്ടുമൃഗങ്ങൾ ജനവാസമേഖലയിൽ എത്തുന്നത് തടയാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവർക്കും നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കും, പരിക്കേൽക്കുന്നവർക്കും നൽകി വന്നിരുന്ന നഷ്ടപരിഹാരം 25% വർദ്ധിപ്പിച്ച് 25/10/2026-ൽ സ.ഉ(സാധാ) 436/2026/വനം ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) കാട്ടുമൃഗങ്ങൾ ജനവാസമേഖലയിൽ എത്തുന്നതു തടയുവാൻ വിവിധ രാജ്യങ്ങൾ ശാസ്ത്രീയമായി ചെയ്തിട്ടുള്ള ഒട്ടനവധി സംവിധാനങ്ങൾ സംസ്ഥാനത്തെ വനമേഖലയിലെ ജനവാസ മേഖലയോട് ചേർന്ന് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മറുപടി: വനം, വന്യജീവി സംരക്ഷണം എന്നിവ കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിധിയിൽ വരുന്നതായതിനാൽ, വിദേശ രാജ്യങ്ങൾ ഈ മേഖലകളിൽ പിന്തുടരുന്ന എല്ലാ സംവിധാനങ്ങളും സംസ്ഥാനത്ത് അതേപടി നടപ്പിലാക്കുന്നത് നിയമപരമായും പ്രായോഗികമായും സാധ്യമല്ല. അതിനാൽ, നിലവിലുള്ള നിയമവ്യവസ്ഥകൾക്കും സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ മാത്രമേ ഇത്തരം സംവിധാനങ്ങൾ പരിഗണിക്കാനും നടപ്പിലാക്കാനും കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ് – വന്യജീവി ആക്രമണം മൂലമുള്ള മരണം/പരിക്ക് എന്നിവയ്ക്കുള്ള നഷ്ടപരിഹാരം/ചികിൽസാ ധനസഹായം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.436/2026/F&WLD തീയതി,തിരുവനന്തപുരം, 25-10-2026

പരാമർശം:-
1. സ.ഉ.(കൈ) നം. 17/2018/വനം തീയതി 05/04/2018
2. സ.ഉ.(കൈ) നം. 4/2024/DMD തീയതി, 07/03/2024
3. സ.ഉ.(സാധാ)നം. 304/2025/DMD തീയതി 09/05/2025
4. സ.ഉ.(കൈ) നം. 167/2026/RD തീയതി 15/03/2026
5. സ.ഉ(സാധാ) നം. 209/2026/DMD തീയതി 11/05/2026
6. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31/07/2026- ലെ KFDHQ/5250/2026-CWW/WL 11-(1),(2) നമ്പർ കത്തുകൾ

ഉത്തരവ്

മനുഷ്യ–വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കും, പരിക്കേൽക്കുന്നവർക്കും നൽകിവരുന്ന നഷ്ടപരിഹാരം/ചികിൽസാ ധനസഹായം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി തീരുമാനിച്ചിരുന്നു. അപ്രകാരം വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം പരിഷ്കരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (6) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ആയതിന്റെ അടിസ്ഥാനത്തിൽ, മനുഷ്യ–വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കും, പരിക്കേൽക്കുന്നവർക്കും, പരാമർശം(3),(4),(5)ലെ ഉത്തരവുകൾ പ്രകാരം നിലവിൽ അനുവദിച്ചുവരുന്ന നഷ്ടപരിഹാരത്തുകയുടെ/ചികിൽസാ സഹായത്തിന്റെ 25% വർദ്ധിപ്പിച്ച്, ചുവടെചേർത്ത പട്ടികയിൽ വിവരിക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

ക്രമ നമ്പർ	വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന മരണം/ പരിക്ക് /പരിക്കിന്റെ സ്വഭാവം	നിലവിൽ നൽകി വരുന്ന ധനസഹായം	ധനസഹായം 25% വർദ്ധിപ്പിച്ച ശേഷമുള്ള തുക (SDRF ൽ നിന്നുമുള്ള ധനസഹായം ഉൾപ്പെടെ)
1	വന്യജീവി ആക്രമണം മൂലമുള്ള മരണം (പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്തെത്തുടർന്നുള്ള മരണത്തിനൊഴികെ)	₹14 ലക്ഷം	₹17.5 ലക്ഷം
2	പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്തെത്തുടർന്നുള്ള മരണം	₹4 ലക്ഷം	₹5 ലക്ഷം
3	40% മുതൽ 60% വരെ അംഗവൈകല്യം സംഭവിച്ചവർക്ക്(ഒരു കൈ, കാൽ, കണ്ണ്,കണ്ണുകൾ നഷ്ടപ്പെട്ടവർക്ക് (ആളൊന്നിന്)	₹ 2,00,000	₹2.5 ലക്ഷം
4	60%ത്തിലധികം അംഗവൈകല്യം-ഒരു കൈ/കാൽ/കണ്ണ്/കണ്ണുകൾ നഷ്ടപ്പെട്ടവർക്ക് (ആളൊന്നിന്)	₹2,50,000	₹3,12,500/- (മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ)
			₹1,25000/- വരെ ഇതിനുപരിയായി ഒരു ലക്ഷം രൂപ വരെ CMDRF ൽ നിന്നും അനുവദിക്കാവുന്നതാണ്.

5	ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം വേണ്ടി വരുന്ന ഗുരുതര പരിക്ക്	₹16000 മുതൽ ₹1,00,000വരെ.	അപൂർവ്വമായി വരുന്ന കേസ്സുകളിൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്കും ദീർഘകാലം ചികിത്സ ആവശ്യമായി വരുന്ന വർക്കും ചികിത്സയ്ക്കായി രണ്ടു ലക്ഷത്തി ഇരുത്തി അയ്യായിരം രൂപയേക്കാൾ(₹2,25000/-) ഏറെ ഉയർന്ന വൻതുക ചെലവാകുന്ന സാഹചര്യ ത്തിലും അനുഭാവപൂർവ്വം പരിഗണിക്കപ്പെടുന്ന കേസ്സുകളിൽ, ഓരോ കേസ്സിലും പ്രത്യേകം സർക്കാർ ഉത്തരവ് എന്ന സങ്കീർണ്ണത ഒഴിവാക്കുന്നതിനായി, അത്തരം സാഹചര്യ ങ്ങളിൽ ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫി ക്കറ്റിന്റെ അടിസ്ഥാന ത്തിൽ, സ.ഉ.(കൈ)304/2025/DMD 09.05.2025 ഉത്തരവിന് ഉപരിയായി വരുന്ന ചികിത്സയ്ക്ക് ചെലവായ യഥാർത്ഥ തുക CMDRF-ൽ നിന്നും അനുവദിക്കാ വുന്നതാണ്
6	ഒരാഴ്ചയിൽ കുറവ് ആശുപത്രിവാസം: പരമാവധി ₹1,00,000	₹5400 മുതൽ ₹1,00,000	₹1,25000/- CMDRF-ൽ നിന്നും തുക

	വരെ.		അനുവദിക്കേണ്ടതില്ല

3. മേൽ പട്ടിക പ്രകാരം പരിഷ്കരിക്കുന്ന നഷ്ടപരിഹാര തുകയിൽ വർദ്ധിപ്പിക്കുന്ന തുക വനം വകുപ്പ് അനുവദിക്കുന്നതാണ്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് തുകയുടെ പരിഷ്കരണമൊഴികേയുള്ള നിബന്ധനകൾ പരാമർശത്തിലെ ഉത്തരവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASEEM A
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/ എ&ഇ , തിരുവനന്തപുരം.
ധനകാര്യ (അഗ്രി -ബി) വകുപ്പ്
ദുരന്ത നിവാരണ (എ) വകുപ്പ്
റവന്യൂ (ഡി .ആർ .എഫ് -എ)വകുപ്പ്
വിവരപൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.വനം വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സെക്രട്ടറിയുടെ പി.എ.യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്